പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1898

25.03.2013 ൽ മറുപടിക്ക്

യുവതിയെ തട്ടിക്കൊണ്ടുപോയ സംഭവം

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ.<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 2013 മാർച്ച് 10-ന് കൊല്ലം, ശക്തികുളങ്ങര സെന്റ് ജോൺ ബ്രിട്ടോ പള്ളിക്കടുത്തുവച്ച് പള്ളിയിലേക്ക് മുത്തശ്ശിക്കൊപ്പം പോയ യുവതിയെ ഒരു സംഘം ആൾക്കാർ തട്ടിക്കൊണ്ടുപോയ സംഭവത്തിൽ പോലീസ് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (എ) | 2013 മാർച്ച് 10 ന് രാവിലെ 6.30 മണിക്ക് ശക്തികുളങ്ങര പള്ളിക്ക് സമീപം വെച്ച് മുത്തശ്ശിയോടൊപ്പം പള്ളിയിലേക്ക് പോയ നാൻസി (25 വയസ്സ്) എന്ന പെൺകുട്ടിയെ, ശക്തികുളങ്ങര സ്വദേശി വിക്ടർ ഭവനിൽ ജോയിസിന്റെ മകൻ ജോബിൻ ടിയാന്റെ രണ്ട് സഹായികളും ചേർന്ന് കാറിൽ ബലമായി പിടിച്ച് കയറ്റികൊണ്ടുപോയതായുള്ള നാൻസിയുടെ മുത്തശ്ശി സെലിൻ സെബാസ്റ്റ്യന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ ക്രൈം നം. 290/13 u/s 366, 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ബി) | ഈ സംഭവത്തിൽ പരാതി നൽകി രണ്ട് ദിവസത്തിനുശേഷവും പോലീസ് നടപടി സ്വീകരിച്ചില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഈ സംഭവത്തിൽ പോലീസ് അന്വേഷണം എന്നാണ് ആരംഭിച്ചത്; യുവതിയെയും തട്ടിക്കൊണ്ടുപോയ സംഘത്തേയും കണ്ടെത്താൻ പോലീസിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | 10.03.2013 ൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുള്ളതാണ്. തട്ടിക്കൊണ്ടു പോയതായി ആരോപിച്ചിട്ടുള്ള യുവതി 13.03.2013 ൽ ബഹു: കൊല്ലം ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ നേരിട്ട് ഹാജരായി, മജിസ്ട്രേറ്റിന്റെ ചേമ്പറിൽ വച്ച് തന്നെ ആരും തട്ടിക്കൊണ്ട് പോയതല്ലായെന്നും സ്വന്തം ഇഷ്ടപ്രകാരം ജോബിനോടൊപ്പം പോയതാണെന്നും മൊഴിനൽകുകയുണ്ടായിട്ടുണ്ട്. ടി നാൻസിയെ ബഹു: കോടതി മുത്തശ്ശിയോടൊപ്പം വിട്ടയച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ